(സി) ഈ മേഖലയിൽ സ്തുത്യർഹമായ സേവനമനുഷ്ഠിക്കുന്നവർക്ക് പ്രോത്സാഹനമെന്ന നിലയിൽ അവാർഡോ, പാരിതോഷികമോ ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ) :

(എ) റീജിയണൽ ക്യാൻസർ സെന്ററിൽ ചികിൽസയ്ക്കെത്തുന്നവരിൽ 46 ശതമാനത്തോളം രോഗികൾക്ക് അർഹതയുടെ അടിസ്ഥാനത്തിൽ സൗജന്യ ചികിൽസ നൽകി വരുന്നുണ്ട്. സംസ്ഥാന ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽനിന്നും ക്യാൻസറിന് സൗജന്യ ചികിൽസ നൽകുന്നുണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരിൽ മാറാരോഗം ബാധിച്ചവർക്ക് ധനസഹായം നൽകുന്നതിനായി രൂപീകരിച്ചിട്ടുള്ള സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പൂവർ-ൽ നിന്നും ക്യാൻസർ ചികിൽസയ്ക്ക് പരമാവധി പതിനായിരം രൂപ വരെ അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ആരോഗ്യവകുപ്പ് മന്ത്രിയുടെ ക്ഷേമ നിധിയിൽനിന്നും പാവപ്പെട്ടവർക്ക് ചികിൽസ സഹായം നൽകിവരുന്നുണ്ട്.

(ബി) ഇതു സംബന്ധിച്ച നിർദ്ദേശമൊന്നും ഇപ്പോൾ പരിഗണനയിലില്ല. ഇതിനായി ഭൗതിക സൗകര്യങ്ങളും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരടക്കമുള്ള ജീവനക്കാരെയും ലഭ്യമാക്കേണ്ടതുണ്ട്.

(സി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വകുപ്പുമേധാവികളുടെ പേരിലുള്ള കേസുകൾ

1 [1516] ശ്രീമതി രാധാരാഘവൻ:

„ സി. പി. മുഹമ്മദ് :

„ ടി. എൻ. പ്രതാപൻ :

„ കെ. അച്ചുതൻ :

„ ലൂഡി ലൂയീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷത്തിൽ ഇതുവരെ എത്ര ഗവൺമെന്റ് സെക്രട്ടറിമാരും വകുപ്പുമേലുദ്യോഗസ്ഥരും കൺടംപ്റ്റ് ഓഫ് കോർട്ട് കുറ്റത്തിന് ഹൈക്കോടതിയുടെയും സുപ്രീംകോടതിയുടെയും മുമ്പാകെ ഹാജരാകേണ്ടതായി വന്നിട്ടുണ്ട് ;

(ബി) അവർ ആരെല്ലാമാണെന്ന് വെളിപ്പെടുത്താമോ ;

(സി) അവരുടെ മേൽ കുറ്റം കണ്ടെത്താനുള്ള സാഹചര്യമെന്താണ് ;

(ഡി) വകുപ്പദ്ധ്യക്ഷന്മാരും സെക്രട്ടറിമാരും ഇത്തരം സാഹചര്യത്തിൽപെടാതിരിക്കാൻ ആവശ്യമായ നിർദ്ദേശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ), (ബി) & (സി) വിവിരം ശേഖരിച്ചുനൽകുന്നതാണ്.

(ഡി) കോടതിയലക്ഷ്യകേസുകൾവരുന്ന സാഹചര്യങ്ങൾ ഒഴിവാക്കാൻ വകുപ്പദ്ധ്യക്ഷന്മാരും സെക്രട്ടറിമാരും ഇപ്പോൾത്തന്നെ ശ്രദ്ധിക്കുന്നുണ്ട്. അതുകൊണ്ട്, പ്രത്യേകമായി നിർദ്ദേശങ്ങൾ ഇപ്പോൾ നൽകേണ്ടതുണ്ടെന്ന് കരുതുന്നില്ല.

പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്ത സംരംഭങ്ങൾ

2 [1517] ശ്രീ. കെ. ബാബു :

„ ടി. വി. ചന്ദ്രമോഹൻ :

„ ടി. യു. രാധാകൃഷ്ണൻ :

„ പി. ടി. തോമസ് :

ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രധാനമന്ത്രി ഈയിടെ സംസ്ഥാനം സന്ദർശിച്ചപ്പോൾ എന്തെല്ലാം സംരംഭങ്ങളുടെ ഉദ്ഘാടനമാണ് നിർവ്വഹിച്ചത് ;

(ബി) ഇവയ്ക്ക് എന്തുതുകയുടെ നിക്ഷേപം ഉണ്ടാകുമെന്ന് കരുതുന്നു ;

(സി) ഇവയിൽ എത്ര പേർക്ക് നേരിട്ടും അല്ലാതെയും തൊഴിൽ ലഭിക്കും ?

ഉത്തരം

(എ) കൊച്ചി വല്ലാർപാടം ഇന്റർനാഷണൽ കണ്ടെയ്നർ ടെർമിനലിന്റെ തറക്കല്ലിടൽ ചടങ്ങും കായംകുളം നാഷണൽ തെർമൽ പവർ കോർപ്പറേഷന്റെ രണ്ടാം ഘട്ട വികസനത്തിന്റെ തറക്കല്ലിടൽ ചടങ്ങും നിർവഹിച്ചു.

(ബി) വല്ലാർപാടം ഇന്റർനാഷണൽ കണ്ടെയ്നർ ട്രാൻസ്ഷിപ്മെന്റ് ടെർമിനൽ നിർമ്മാണത്തിന് 2178 കോടി രൂപയുടെയും കായംകുളം എൻ.ടി.പി.സി. താപനിലയ വികസനത്തിന് 6600 കോടി രൂപയുടെയും നിക്ഷേപമുണ്ടാകുമെന്നാണ് കരുതുന്നത്.

(സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

സംസ്ഥാന സർക്കാരിന്റെ വകയായി ചെന്നൈയിലുള്ള ഭൂമി

3 [1518] ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിന്റെ വകയായി ചെന്നൈയിൽ എത്ര ഏക്കർ ഭൂമിയും കെട്ടിടങ്ങളും സ്വന്തമായുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) അവയിൽ എത്ര ഭൂമിയും കെട്ടിടങ്ങളും പാട്ടത്തിന് നൽകിയിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly